# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2542 18.02.2016-ലെ മറുപടിയ്ക്ക്

## മിശ്ര വിവാഹിതരാകുന്ന പട്ടികജാതിയിൽ പെട്ടവർക്ക് നൽകിവരുന്ന ആനുകൂല്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) |
| എ) മിശ്ര വിവാഹിതിരാകുന്ന പട്ടികജാതി യിൽപ്പെട്ടവരുടെ ജീവിത സുരക്ഷയ്ക്കും, അവർ നേരിടുന്ന സാമൂഹ്യ വെല്ലുവിളികളിൽ നിന്നും അവരെ സംരക്ഷിയ്ക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും വിവിധ പദ്ധതികളും വിശദമാക്കാമോ ; | (എ) മിശ്ര വിവാഹത്താൽ സാമ്പത്തിക ക്ലേശങ്ങളും സാമൂഹികമായ ഒറ്റപ്പെടലിനും വിധേയരാകുന്ന ദമ്പതിമാർക്ക്, (ഒരാൾ പട്ടികജാതി മറ്റേയാൾ പട്ടികേതര സമുദായം) മിശ്ര വിവാഹ ധനസഹായമായി 50,000/- രൂപ വകുപ്പിൽ നിന്നും അനുവദിച്ചു വരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷവും മുൻ വർഷങ്ങളിലെപ്പോലെ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് തുക അനുവദിക്കുകയും സംസ്ഥാനത്തെ ബ്ലോക്ക്/ നഗരസഭ പട്ടികജാതി വികസന ഓഫീസർ മുഖാന്തിരം ലഭിക്കുന്ന അപേക്ഷകൾ അർഹത പരിശോധിച്ച് ധന സഹായം അനുവദിച്ചു വരുകയും ചെയ്യുന്നുണ്ട്. സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തവർക്ക് ആയത് സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി, കാലതാമസം മാപ്പാക്കി ധന സഹായം അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം മിശ്ര വിവാഹ ധനസഹായത്തിന് വിതരണം ചെയ്ത തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ഗുണഭോക്താവിന്റെ എണ്ണം |
|---|---|---|
| 2011-12 | 1033.67 | 2454 |
| 2012-13 | 1092.12 | 2189 |
| 2013-14 | 1040.7 | 2182 |
| 2014-15 | 1050.2 | 2112 |
| 2015-16 (31.01.2016 വരെ) | 731.5 | 1468 |

| | |
|---|---|
| ബി) പട്ടികജാതിയിൽപ്പെട്ട ഒരു പെൺകുട്ടിയെ മറ്റ് സമുദായത്തിൽ നിന്നുള്ള ഒരു പുരുഷൻ വിവാഹം കഴിച്ചാൽ അവർക്ക് | (ബി) പട്ടികജാതിയിൽപ്പെട്ട ഒരു പെൺകുട്ടിയെ പട്ടികേതര സമുദായത്തിൽപ്പെട്ട ഒരു പുരുഷൻ വിവാഹം കഴിച്ചാൽ മാത്രം അവർക്ക് വകുപ്പിൽ |

എന്തെങ്കിലും സാമ്പത്തിക ആനുകൂല്യത്തിന് അർഹതയുണ്ടോ; ഇത് ലഭിയ്ക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ ;

നിന്നും മിശ്ര വിവാഹ ധനസഹായത്തിന് അർഹതയുണ്ട്. ഇതിലേയ്ക്കായി നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ദമ്പതിമാരുടെ ജാതി, വരുമാന സർട്ടിഫിക്കറ്റ്,കോ-ലിവിംഗ് സർട്ടിഫിക്കറ്റ് അസ്സൽ വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം 3 വർഷം കഴിയുന്നതിനു മുൻപായി അപേക്ഷകർ താമസിയ്ക്കുന്ന സ്ഥലത്തുള്ള ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്. ദമ്പതിമാരുടെ കുടുംബ വാർഷിക വരുമാനം 40,000/- രൂപയിൽ കവിയാൻ പാടില്ല.

സി) പട്ടിക ജാതിയിൽ പെട്ട ഒരു പെൺകുട്ടിയുടെ വിവാഹത്തിന് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; ഇപ്രകാരം ധനസഹായം ലഭിച്ച് നടക്കുന്ന വിവാഹം മിശ്ര വിവാഹമായാൽ മിശ്രവിവാഹിതർക്കുള്ള ആനുകൂല്യത്തിന് പ്രസ്തുത ദമ്പതിമാർക്ക് അർഹതയില്ലെന്ന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

സി) പട്ടികജാതിയിൽപ്പെട്ട കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കവിയാത്ത കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനായി വകുപ്പിൽ നിന്നും വിവാഹ ധനസഹായ പദ്ധതി പ്രകാരം 50,000/- രൂപ ധനസഹായം നൽകുന്നു. ധനസഹായം ലഭിച്ച് നടക്കുന്ന വിവാഹം മിശ്ര വിവാഹമായാൽ മിശ്ര വിവാഹിതർക്കുള്ള ആനുകൂല്യത്തിന് പ്രസ്തുത ദമ്പതിമാർക്ക് അർഹതയില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ഒരേ വിവാഹത്തിനു തന്നെ രണ്ടു ധനസഹായം (വിവാഹ ധനസഹായവും മിശ്രവിവാഹ ധനസഹായവും) നിലവിൽ അനുവദിക്കുന്നില്ല.

ഡി) പട്ടികജാതിയിൽ പെട്ട പെൺകുട്ടിയെ വിവാഹം കഴിച്ച അന്യ സമുദായാംഗമായ ശ്രീ.സുനിൽകുമാർ പി.ഡി, തറയിൽ, തൈയ്ക്കൽ പി.ഒ, ചേർത്തല എന്ന കക്ഷി മിശ്ര വിവാഹിതർക്കുള്ള സാമ്പത്തിക സഹായത്തിന് പട്ടിക ജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിച്ചപ്പോൾ പെൺകുട്ടിയുടെ മാതാവ് പട്ടിക ജാതിക്കാർക്കുള്ള വിവാഹ ധനസഹായം കൈപ്പറ്റിയിട്ടുള്ളതാണെന്ന കാരണത്താൽ അപേക്ഷ നിരസിച്ച കാരണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത് നിർദ്ദേശ പ്രകാരമല്ലാതെ സ്വീകരിച്ച നടപടി യാണെങ്കിൽ ഇപ്രകാരം അപേക്ഷ നിരസിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിയ്ക്കുമോ ?

ഡി) പരിശോധിച്ചുവരുന്നു

Rashmi

**സെക്ഷൻ ഓഫീസർ**